# കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

## വിദ്യാർത്ഥികളുടെ കൺസഷൻ ടിക്കറ്റിനുള്ള അപേക്ഷാഫാറം

വിദ്യാർത്ഥിയുടെ പേര് :
വയസ്സ് :
മേൽവിലാസം :

ടിക്കറ്റ് ആവശ്യമുള്ള സ്ഥലം : ........................................................മുതൽ
........................................................വരെ
കാലാവധി : ഒരു മാസം/മൂന്ന് മാസം
ടിക്കറ്റിന്റെ വില :
അപേക്ഷകന്റെ ഒപ്പ് :

## *സാക്ഷ്യപത്രം*

അപേക്ഷകൻ ഈ സ്ഥാപനത്തിലെ........................................................ക്ലാസ്സിൽ/ കോഴ്സിന് .......................... തീയതി മുതൽ പഠിക്കുന്ന വിദ്യാർത്ഥിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥാപനത്തിന്റെ തലവന്റെ ഒപ്പ്
സ്ഥാപനത്തിന്റെ മുദ്ര — പേര്, ഉദ്യോഗപ്പേര്, സ്ഥാപനത്തിന്റെ പേര്
സ്ഥലം :
തീയതി :

---

## ആഫീസ് ഉപയോഗത്തിന്

വിതരണം ചെയ്ത ടിക്കറ്റ് നമ്പർ :
ടിക്കറ്റ് വില :
സൗജന്യ നിരക്ക് : ..............................%
വിതരണം ചെയ്ത തീയതി :
വിതരണം ചെയ്ത ഉദ്യോഗസ്ഥന്റെ പേരും ഒപ്പും :

(മറുപുറം)

KSRTC Form No. 26

## വ്യവസ്ഥകൾ

1. വിദ്യാർത്ഥിയുടെ വാസസ്ഥലം മുതൽ പഠിക്കുന്ന സ്ഥാപനം വരെയുള്ള യാത്രാസൗജന്യത്തിനുള്ള ദൂരപരിധി 40 കി.മീറ്ററായി നിജപ്പെടുത്തിയിരിക്കുന്നു. വിദ്യാർത്ഥിയുടെ വാസസ്ഥലത്തിന് ഏറ്റവും അടുത്തുള്ള ഡിപ്പോയിലാണ് യാത്രാസൗജന്യത്തിന് അപേക്ഷ നൽകേണ്ടത്.
2. സാധാരണ ഓർഡിനറി ബസുകളിൽ മാത്രമേ ഇത്തരത്തിലുള്ള യാത്രാ സൗജന്യം അനുവദിക്കുകയുള്ളു.
3. കോഴ്സ്/പഠനം തുടങ്ങി രണ്ടു മാസത്തിനുള്ളിൽ കൺസഷൻ ടിക്കറ്റിന് അപേക്ഷ നൽകിയിരിക്കേണ്ടതാണ്.
4. ആദ്യമായി കൺസഷൻ ടിക്കറ്റിന് അപേക്ഷിക്കുമ്പോൾ ഇപ്പോൾ പഠിക്കുന്ന വിദ്യാഭ്യാസസ്ഥാപനത്തിലെ മേലധികാരിയിൽ നിന്നും അപേക്ഷകൻ ടി സ്ഥാപനത്തിലെ വിദ്യാർത്ഥിയാണെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം നിശ്ചിത അപേക്ഷാ ഫാറത്തിൽ ഹാജരാക്കേണ്ടതാണ്. ഫോട്ടോ പതിച്ച കൺസഷൻ ടിക്കറ്റ് നൽകുന്നതിനു വേണ്ടി അപേക്ഷയോടൊപ്പം സ്ഥാപനത്തിലെ മേലധികാരി സാക്ഷ്യപ്പെടുത്തിയ രണ്ട് ഫോട്ടോയും ഹാജരാക്കേണ്ടതാണ്.
5. നിലവിലുള്ള കൺസഷൻ ടിക്കറ്റ് അടുത്ത അധ്യയന വർഷത്തിലേയ്ക്ക് പുതുക്കി കിട്ടുന്നതിന് അപേക്ഷകൻ തുടർന്നും ടി സ്ഥാപനത്തിൽ പഠിക്കുകയാണെന്ന സാക്ഷ്യപത്രം സ്ഥാപനത്തിന്റെ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ ഒപ്പിട്ട് നൽകേണ്ടതാണ്, അതോടൊപ്പം മുൻവർഷത്തെ ടിക്കറ്റും ഹാജരാക്കേണ്ടതാണ്. മുൻവർഷത്തെ ടിക്കറ്റ് ഹാജരാക്കുവാൻ അപേക്ഷകന് കഴിയുന്നില്ലെങ്കിൽ ആയതിനുള്ള പിഴയായി 100/- (നൂറ്) രൂപ ഈടാക്കിയതിനു ശേഷം പുതിയ കാർഡ് നൽകേണ്ടതാണ്.
6. കേരളത്തിലെ സ്കൂൾ/കോളേജ് തലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനം തുടങ്ങുന്ന തീയതി മുതൽ 10 മാസത്തേക്കും, സെമസ്റ്റർ സംവിധാനത്തിൽ പഠിക്കുന്ന കുട്ടികൾക്ക് കോഴ്സ് തുടങ്ങുന്നതുമുതൽ അവസാനിക്കുന്നതു വരെ ഇടവേളയില്ലാതെയും, (കോഴ്സ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ) കൺസഷൻ ടിക്കറ്റ് അനുവദിച്ച് നൽകുന്നതാണ്.
7. യാത്രാവേളയിൽ കൺസഷൻ ടിക്കറ്റിനൊപ്പം വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനത്തിൽ നിന്നും ലഭ്യമായിട്ടുള്ള തിരിച്ചറിയൽ കാർഡും കൈവശം സൂക്ഷിക്കേണ്ടതും കണ്ടക്ടർ/ഇൻസ്പെക്ടർ ആവശ്യപ്പെടുന്ന മുറയ്ക്ക് യാത്രാടിക്കറ്റിനൊപ്പം തിരിച്ചറിയൽ കാർഡും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.
8. കൺസഷൻ ടിക്കറ്റ് നഷ്ടപ്പെടുന്നപക്ഷം ആയത് യൂണിറ്റാഫീസർക്ക് ബോധ്യപ്പെടുന്നപക്ഷം നഷ്ടപ്പെട്ട കാർഡിന്റെ കാലാവധി പൂർത്തിയായതിനു ശേഷം ഒരു മാസവും മൂന്നു മാസവും കാലാവധിയുള്ള കാർഡിന് 100/- (നൂറ്) രൂപ വീതം പിഴയായി ഈടാക്കിക്കൊണ്ട് പുതിയ കാർഡ് നൽകുന്നതാണ്.
9. വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന കൺസഷൻ ടിക്കറ്റ് യാതൊരു കാരണവശാലും കൈമാറ്റം ചെയ്യുവാൻ പാടില്ല. ഇത് ശ്രദ്ധയിൽപ്പെടുന്ന പക്ഷം ടിക്കറ്റ് അസാധുവാക്കുന്നതും യാത്രാ സൗജന്യം തുടർന്ന് ലഭിക്കുന്നതിൽ നിന്നും അപേക്ഷകനെ അയോഗ്യനാക്കുന്നതുമാണ്.
10. കൺസഷൻ ടിക്കറ്റിൽ യാതൊരുവിധ തിരുത്തലുകളോ, കൃത്രിമങ്ങളോ അനുവദിക്കുന്നതല്ല. അങ്ങനെ ചെയ്യുന്ന പക്ഷം ടിക്കറ്റ് നിഷേധിക്കാനുള്ള അധികാരം കോർപ്പറേഷനിൽ നിക്ഷിപ്തമാണ്.
11. അനുവദിക്കപ്പെട്ടിരിക്കുന്ന കാലയളവിനുള്ളിൽ ഉപയോഗിക്കപ്പെടാത്ത യാത്രയ്ക്ക് പകരം ടിക്കറ്റ് നൽകുന്നതോ ആയതിന്റെ വില തിരികെ നൽകുന്നതോ അല്ല.
12. കൺസഷൻ ടിക്കറ്റ് പുതുക്കുന്ന വേളയിൽ തിരിച്ചേൽപ്പിക്കുന്ന ടിക്കറ്റ് അലക്ഷ്യമായി കൈകാര്യം ചെയ്ത് നശിപ്പിച്ച നിലയിലാണെങ്കിൽ കാർഡ് പുതുക്കി കിട്ടുന്നതിന് 10 രൂപ പിഴ ഒടുക്കേണ്ടതാണ്.
13. കൺസഷൻ ടിക്കറ്റ് എടുക്കുമ്പോൾ കാർഡ് ഒന്നിന് രണ്ട് (2/-) രൂപ വീതം സ്റ്റേഷനറി ചാർജായി നൽകേണ്ടതാണ്.

HSSLIVE.IN